പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 315      18.03.2013 ൽ മറുപടിക്ക്

## നീതിപൂർവ്വമായും ശാസ്ത്രീയമായും കേസ്സുകൾ തെളിയിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, ബെന്നി ബെഹനാൻ<br>,, റ്റി. എൻ. പ്രതാപൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) നീതിപൂർവ്വമായും ശാസ്ത്രീയമായും കേസ്സുകൾ തെളിയിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദമാക്കുമോ ;<br><br>(ബി) ഈ ലക്ഷ്യത്തിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) യും (ബി) യും<br>ശാസ്ത്രീയമായി കേസുകൾ തെളിയിക്കുന്നതിന്റെ ഭാഗമായി പോലീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഫോറൻസിക് സയൻസ് ലബോറട്ടറി, ഫിംഗർ പ്രിന്റ് ലബോറട്ടറി, സൈബർ പോലീസ് സ്റ്റേഷൻ, ഹൈടെക് ക്രൈം എൻക്വയറി സെൽ എന്നിവയ്ക്ക് ആവശ്യമായ ആധുനിക ഉപകരണങ്ങൾ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിവരുന്ന മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സസ് സ്കീമിലൂടെ വാങ്ങി നൽകിയിട്ടുണ്ട്. സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സ്ഥാപിച്ചിട്ടുള്ള ഡി. എൻ.എ. ലാബും, സൈബർ ഫോറൻസിക് ഡിവിഷനും, പോളിഗ്രാഫ് ഡിവിഷനും, ഫിംഗർപ്രിന്റ് ലബോറട്ടറിയും ശാസ്ത്രീയമായി കേസുകൾ തെളിയിക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നു. ഫിംഗർ പ്രിന്റ് ബ്യൂറോ ആസ്ഥാനത്തും, 10 ജില്ലകളിലും ആട്ടോമേറ്റഡ് ഫിംഗർപ്രിന്റ് ഐഡന്റിറ്റി വെരിഫിക്കേഷൻ സിസ്റ്റം സ്ഥാപിച്ചു. കൂടാതെ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് ഇൻവെസ്റ്റിഗേഷൻ കിറ്റുകൾ നൽകിയിട്ടുണ്ട്. |

→

(സി) എന്തെല്ലാം ആധുനിക സാങ്കേതികവിദ്യകളാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) കേസ്സുകൾ തെളിയിക്കുന്നതിനും പോലീസിന്റെ പ്രാഗൽഭ്യം വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം സഹായങ്ങളും സൗകര്യങ്ങളുമാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

(സി) യും (ഡി) യും

ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി പ്രധാന കേന്ദ്രങ്ങളിൽ സർവ്വയലൻസ് ക്യാമറകളും ട്രാഫിക് എൻഫോഴ്സ്മെന്റ് ക്യാമറകളും സ്ഥാപിച്ച് ട്രാഫിക് കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും ഡയൽ 100 സിസ്റ്റം, ഇലക്ട്രോണിക് ബീറ്റ് സിസ്റ്റം എന്നിവ നടപ്പിൽ വരുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലേയും, കേന്ദ്ര ഭരണപ്രദേശങ്ങളിലേയും പോലീസ് സ്റ്റേഷനുകളേയും ഇതര പോലീസ് ഓഫീസുകളേയും പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് പ്രവർത്തിക്കുന്ന സി.സി.റ്റി.എൻ.എസ്. പദ്ധതി 2013 ജനുവരി 1ന് സംസ്ഥാനത്ത് ഉദ്ഘാടനം ചെയ്യപ്പെട്ടു.

പോലീസിന്റെ പ്രാഗൽഭ്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പരാതികൾ സ്വീകരിക്കുന്ന പ്രവർത്തനം കംപ്യൂട്ടറൈസ് ചെയ്യുന്നതിന്റെ ഭാഗമായി ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി അടിസ്ഥാനപ്പെടുത്തി എല്ലാ പോലീസ് സ്റ്റേഷനുകളിലും ഹെൽപ്ഡെസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. കംപ്യൂട്ടർ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി പോലീസ് വകുപ്പിലെ അഡ്മിനിസ്ട്രേഷൻ വിഭാഗത്തെ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

സെക്ഷൻ ഓഫീസർ